# കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ്
# [ KSSA]

***25.09.2024 ബുധനാഴ്ച രാവിലെ 10.30-ന് ചേർന്ന***

***ജനറൽ ബോഡി യോഗത്തിന്റെ***

# *മിനിട്ട്സ്*

**കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് (KSSA)**
**(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)**
**2ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,**
**വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033**
**ഫോൺ നമ്പർ : 04712724696. ഇ-മെയിൽ: keralasocialaudit@gmail.com**

**കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് 25.09.2024 ബുധനാഴ്ച രാവിലെ 10.30-ന് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് തിരുവനന്തപുരത്ത് ചേർന്ന 3-ാമത് ജനറൽ ബോഡി യോഗത്തിന്റെ മിനിട്ട്സ്.**

കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് (KSSA) യുടെ 3-ാമത് ജനറൽ ബോഡി യോഗം 2024 സെപ്റ്റംബർ 25-ാംതീയതി 10.30-ന് തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ് അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പങ്കെടുത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ.പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്, ചെയർമാൻ
2. ഡോ. ജിജു.പി അലക്സ്, എക്സപെർട്ട് മെമ്പർ, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. ശ്രീ.എ.നിസാമുദീൻ.ഐ.എ.എസ്,ഡയറക്ടർ ജനറൽകില&മിഷൻഡയറക്ടർ,എം.ജി.എൻ.ആർ.ഇ.ജി.എസ്
4. ഡോ. എൻ.രമാകാന്തൻ, ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള
5. ശ്രീ. എസ്. രാജേന്ദ്രൻ, ജനറൽ ബോഡി മെമ്പർ
6. ശ്രീ.കെ. അനിമോൻ, ജനറൽ ബോഡി മെമ്പർ
7. ശ്രീ. ബി.പി.മുരളി, ബ്ലോക്ക് പ്രസിഡന്റ് അസോസിയേഷൻ
8. ശ്രീമതി. രാധാമണി, ജനറൽ ബോഡി മെമ്പർ
9. ശ്രീ. എ.എസ്. ദിനകരൻ, ജനറൽ ബോഡി മെമ്പർ
10. ശ്രീ. കെ. ചന്ദ്രൻ, ജനറൽ ബോഡി മെമ്പർ
11. ശ്രീ. സി.എം.അജയ്മോഹൻ, സ്പെഷ്യൽ സെക്രട്ടറി, പ്ലാനിംഗ് &ഇക്കോണോമിക അഫയേഴ്സ്
12. ശ്രീമതി.കൃഷ്ണപ്രിയ.ഡി, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
13. ശ്രീമതി. മിലൻ എലിസബത്ത്, അണ്ടർ സെക്രട്ടറി, എൽ.എസ്.ജി.ഡി.
14. ശ്രീമതി. ലിജ ലത്തീഫ്.എ, അണ്ടർ സെക്രട്ടറി, ലേബർ ഡിപ്പാർട്ട്മെന്റ്
15. ശ്രീമതി. സിന്ധു സുകുമാരൻ, അണ്ടർ സെക്രട്ടറി, എസ്.സി.എസ്.റ്റി.ഡി. ഡിപ്പാർട്ട്മെന്റ്
16. ശ്രീ. ജി. ബിനുകുമാർ, ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
17. ശ്രീ. അനിൽകുമാർ. സി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കുടുംബശ്രീ
18. ശ്രീ. ഗിരി. വി.വി., അസിസ്റ്റന്റ്, എസ്.സി.എസ്.റ്റി.ഡി. ഡിപ്പാർട്ട്മെന്റ്

4/10/24
Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
... Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
... Dairy Development &

**യോഗ നടപടിക്രമങ്ങൾ:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ ഡോ.എൻ.രമാകാന്തൻ ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്ത വിശിഷ്ട അതിഥികൾ ഉൾപ്പെടെയുള്ള അംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം ( 2023-24) സോഷ്യൽ ഓഡിറ്റ് സൊസൈറ്റിക്ക് മികവുറ്റ പ്രവർത്തനത്തിലൂടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിൽ ഉയർന്ന നേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിയുകയുണ്ടായി. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം 2024 മാർച്ച് രണ്ടാംവാരത്തിൽ നിലവിൽ വന്നതിനാൽ 24 പഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് രണ്ടാപാദത്തിൽ പൂർത്തിയാക്കുന്നതിന് കഴിഞ്ഞില്ല. എന്നാൽ 2023-24 വർഷത്തിന്റെ ആദ്യപാദത്തിൽ 941 പഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിന് കഴിഞ്ഞു. രാജ്യത്ത് ഓരോ ആറ് മാസത്തിലും സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് നടത്തുന്ന ഏക സംസ്ഥാനം എന്ന അംഗീകാരം കൈവരിക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരമൊരു നേട്ടം കൈവരിക്കുന്നതിന് ജനറൽ ബോഡിയുടെയും ഗവേർണിംഗ് ബോഡിയുടെയും പൂർണ്ണമായ പിന്തുണയും സഹായവും ലഭിക്കുകയുണ്ടായിയെന്ന് സ്വാഗത പ്രസംഗ ത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ചെയർമാനായ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സിന്റെ വലിയതോതിലുള്ള പിന്തുണയും സഹായ ങ്ങളും കേന്ദ്രഗവൺമെന്റിൽ നിന്നും സോഷ്യൽ ഓഡിറ്റ് ഫണ്ട് ലഭിക്കുന്നതിൽ ഉൾപ്പെടെ ലഭിക്കുകയുണ്ടായിയെന്ന് പ്രത്യേകം എടുത്തുപറയുകയുണ്ടായി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്ൽ ഓഡിറ്റിന് പുറമേ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളായ NSAP,PMAY-G എന്നീ പദ്ധതികളുടെയും സംസ്ഥാന പദ്ധതിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റ് ആരംഭിക്കുന്നതിനായുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു വെന്നും സ്വാഗത പ്രസംഗത്തിൽ ഡയറക്ടർ സൂചിപ്പിക്കുകയുണ്ടായി.

**അദ്ധ്യക്ഷ പ്രസംഗം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ചെയർമാന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുന്നതിന് ഗവേർണിംഗ് ബോഡി യോഗത്തിൽ പരിശ്രമങ്ങൾ

4/10/24
Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM-33

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat

നടത്തുണ്ടെന്നും സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സ്വീകരിക്കുന്ന തുടർനടപടികൾ വിലയിരുത്താറുണ്ടെന്നും വ്യക്തമാക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും റിസോഴ്സ് പേഴ്സണ്മാരുടെ നിയമനം സുതാര്യമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞത് അഭിമാനകരമായ പ്രവർത്തനമാണെന്ന് പ്രത്യേകം എടുത്തുപറയുകയുണ്ടായി. അതുപോലെതന്നെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജില്ല-ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ വിജയകരമായി പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ സംബന്ധിച്ച വിവരങ്ങൾ തൊഴിലുറപ്പ് പദ്ധതി മിഷന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അതുവഴി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. തികച്ചും സുതാര്യമായും പരാതി രഹിതമായും മത്സരാധിഷ്ഠിതമായും വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ കഴിഞ്ഞതിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ പ്രത്യേകം അഭിനന്ദിക്കുകയുണ്ടായി.

1. **ഡോ. ജിജു.പി.അലക്സ്.**

സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ വലിയയൊരളവിൽ വൈവിധ്യവത്ക്കരിക്കപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിനായി രൂപപ്പെടുത്തിയ പ്രത്യേക രീതിശാസ്ത്രം മറ്റു വികസന പദ്ധതികളുടെ സ്വഭാവവും ഘടനയും വിലയിരുത്തികൊണ്ട് അതത് പദ്ധതിക്ക് അനുയോജ്യമായ സോഷ്യൽ ഓഡിറ്റ് രീതി ശാസ്ത്രം (SOP) രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി. സോഷ്യൽ ഓഡിറ്റ്, വികസന പദ്ധതികളുടെ രൂപീകരണ-നിർവ്വഹണ തലങ്ങളിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനും ഉതകുന്ന ഒരു ഉപകരണം (tool) ആയി പ്രയോജനപ്പെടുത്തേണ്ടതാണ്. വിവിധ വികസന പ്രവർത്തികൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുമ്പോൾ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ, സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ എന്നിവ കൂടി വിലയിരുത്തേണ്ടതാണെന്നും സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ശ്രീ.ജിജു.പി. അലക്സ് നിർദ്ദേശിച്ചു.

ആസ്തി നിർമ്മാണം, വാട്ടർഷെഡ് ഡെലവപ്പ്മെന്റ് പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമൂഹിക സാമ്പത്തിക പ്രത്യാഘാതം/നേട്ടങ്ങൾ പൈലറ്റ് അടിസ്ഥാനത്തിൽ പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

4/10/24
Dr. N. RAMAKANTAN
DIRECTOR
...dhi NREGA

C.W.C. BUILDING L.M.S., PALAYAM TRIVANDRUM-33 GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department

2. **ശ്രീ. എ. നിസ്സാമുദ്ദീൻ ഐ.എ.എസ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിൽ സോഷ്യൽ ഓഡിറ്റിന് നല്ലപങ്ക് വഹിക്കുവാൻ കഴിഞ്ഞുവെന്ന് അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. ആഡിറ്റ് വേളയിൽ കണ്ടെത്തുന്ന വിവിധ ഇഷ്യൂസുകൾ സമയബന്ധിതമായി പരിഹാരിക്കുന്നതിന് അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഇടപെടലുകൾ ഗുണം കണ്ടുവെന്നും അദ്ദേഹം കൂട്ടിച്ചർത്തു.

കാട്ടാക്കട, തൃത്താല മണ്ഡലങ്ങളിൽ ഉൾപ്പെടെ നടപ്പാക്കിയ നീർത്തട പദ്ധതികളുടെ ഭാഗമായി എത്രത്തോളം ഭൗതികനേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്നത് സോഷ്യൽ ഓഡിറ്റിന്റെ പരിശോധനയിൽ വരികയും അതിന്റെ ഗുണഫലങ്ങൾ മറ്റു സ്ഥലങ്ങളിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നത് ഉചിതമാണെന്നും അഭിപ്രായപ്പെടുകയുണ്ടായി. വിവിധ പ്രദേശങ്ങളിൽ നടപ്പാക്കിയ പദ്ധതിയുടെ നേട്ടങ്ങൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി.

3. **ശ്രീ. എസ്. രാജേന്ദ്രൻ:**

2018-മുതലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് നടതതുന്നതിനായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കുന്നത്. ആയതിന്റെ പ്രവർത്തനങ്ങൾ ശരിയായ ദിശയിൽ പുരോഗമിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ സർക്കാർ വിവിധ വികസന പദ്ധതികൾ പലമേഖലയിലും ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നുണ്ട്. അതിന്റെ ഗുണഫലം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോ എന്ന സമഗ്രമായ പരിശോധന നടക്കുന്നില്ല. ഉദാ: പട്ടികജാതി -പട്ടിക വർഗ്ഗ പദ്ധതികൾ. ഇത്തരം വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നുവെങ്കിലും പലതും ലക്ഷ്യം കാണുന്നില്ല. അതുകൊണ്ടുതന്നെ പല കാര്യത്തിലും സർക്കാർ ഉദ്ദേശിക്കുന്ന ഗുണഫലം യാഥാർത്ഥ ഗുണഭോക്താക്കൾക്കോ സമൂഹത്തിനോ ലഭിക്കുന്നില്ല. ഇടനിലക്കാർ പലതും തട്ടിയെടുക്കുന്നു. ഉത്പാദന മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുവെങ്കിലും ഇതിന്റെ ഭൗതികനേട്ടങ്ങൾ എത്രയെന്ന് വേണ്ടത്ര വിലയിരുത്താൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഈ മേഖലയിലേക്ക് വ്യാപിപ്പിക്കേണ്ടതും കുറവുകൾ കണ്ടെത്തി പദ്ധതികളിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയത് വരുത്തുവാനുള്ള ഇടപെടലുകൾ നടത്താൻ ആസൂത്രണ ബോർഡ് അടക്കമുള്ള സംവിധാനങ്ങൾക്ക് കഴിയണം. സമൂഹത്തിന് ഉണ്ടാകുന്ന നേട്ടത്തെക്കുറിച്ച് സുതാര്യമായ പരിശോധന ഉണ്ടാകുമ്പോൾ തന്നെ സർക്കാരിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ മെച്ചപ്പെട്ട ഇടപെടലുകൾ നടത്തുവാനും കഴിയുന്നു.

4/10/24
Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala) C.W.C. BUILDING L.M.S., PALAYAM TRIVANDRUM-33

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department

സോഷ്യൽ ഓഡിറ്റിനെ പല ഗ്രാമപഞ്ചായത്തുകളും വേണ്ടത്ര ആദ്യകാലഘട്ടങ്ങളിൽ അംഗീകരിക്കുന്നില്ലായിരുന്നു. എന്നാൽ സൊസൈറ്റിയുടെ ഇടപെടലുകളുടെ ഭാഗമായി ഗുണപരമായ മാറ്റം ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നതിനും ഇന്ന് അത് ഒരു സ്വീകാര്യതയുടെ പക്ഷത്ത് ആകുകയും ചെയ്തു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാമൂഹ്യ പ്രതിബന്ധത, അത് പ്രാദേശിക കമ്പോളങ്ങളിൽ ഉണ്ടാകുന്ന സാമ്പത്തിക വികസനം, തുടങ്ങിയ നേട്ടങ്ങൾ കൂടി സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി കണ്ടെത്തുവാൻ നമുക്ക് കഴിയണം.

ഗ്രാമപഞ്ചായത്തുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തിയുടെ മെറ്റീരിയൽ കമ്പോണന്റ് സംഭരണ-വിതരണം എന്നീ ചുമതലകൾ നിർവ്വഹിച്ചു വന്നിരുന്നത്, ബ്ലോാക്ക് പഞ്ചായത്തുകളെ ഏൽപിച്ചതുവഴി സൃഷ്ടിക്കപ്പെട്ട പ്രതിസന്ധികൾ പ്രാദേശിക പ്രശ്നം ഉണ്ടാകുന്നുവെന്ന വിഷയം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ജനറൽബോഡി യോഗത്തിന്റെ ഒരു തീരുമാനമായി നൽകുവാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഈ വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ ഉൾപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഉണ്ടായ കുറവും പദ്ധതി പ്രവർത്തനത്തെയും ആകെ തൊഴിൽ ദിനത്തിന്റെ എണ്ണത്തെയും ബാധിക്കുന്ന അവസ്ഥയിൽ എത്തിച്ചിരിക്കുന്നു. ബ്ലോക്കുകൾക്ക് മെറ്റിരീയൽ പ്രൊക്യൂർമെന്റായി ബന്ധപ്പെട്ട് നൽകിയ അധികാരം ഈ വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തിൽ കഴിഞ്ഞ കാലങ്ങളിൽ കൈവരിക്കാൻ കഴിഞ്ഞ മികവിനെ ഇല്ലാതാക്കും.

4. **ശ്രീ.കെ.അനിമോൻ:**

സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യവും സാദ്ധ്യതകളും പൊതുജനങ്ങൾ ഇനിയും മനസ്സിലാക്കേണ്ടതുണ്ട്. പല പദ്ധതികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിലൂടെ പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കുറവുകൾ പരിഹരിക്കുന്നതിനും നിർണ്ണായകമായ സംഭാവനകൾ നൽകാൻ കഴിയും. എന്നാൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഏറ്റെടുത്ത Mid Term Meal Scheme- ന്റെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തിക്കുവാൻ നിർവ്വഹണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹകരണം വേണ്ടത്ര ഉണ്ടായിട്ടില്ലായെന്ന് വിമർശനം നിലനിൽക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മേഖലയിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ഗുണപരമായ മാറ്റം ഉണ്ടാക്കുന്നതിന് ഇതിനകം

4/10/24
Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM-33

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department

കഴിഞ്ഞിട്ടുണ്ട്. ആക്ടീവ് തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നത് സോഷ്യൽ ഓഡിറ്റിൽ വിലയിരുത്തേണ്ടതാണ്. സമയബന്ധിതമായി മെറ്റീരിയൽ ഫണ്ട് ലഭിക്കാത്തതു കൊണ്ട് വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഗുണഭോക്താക്കൾ തയ്യാറാകാത്ത സ്ഥിതി ഗൗരവമായി വിലയിരുത്തേണ്ടതാണ്.

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെപ്പറ്റിയുള്ള ഐ.ഇ.സി. പ്രവർത്തനങ്ങൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കരാർ ജീവനക്കാർക്കും, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും നൽകുന്നത് സോഷ്യൽ ഓഡിറ്റിന് കൂടുതൽ ജനകീയത കൈവരിക്കുവാൻ കഴിയും. വിവിധ പദ്ധതികളുടെ സംയോജനം, ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ ഇതൊക്കെ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി കണ്ടെത്തുവാൻ കഴിയണം.

പദ്ധതി നിർവ്വഹണത്തിലൂടെ ഉല്പാദന മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്യണമെന്ന് ശ്രീ.ബി.പി.മുരളി നിർദ്ദേശിച്ചു.

സോഷ്യൽ ഓഡിറ്റിന്റെ പ്രസക്തി താഴെത്തട്ടിൽ എത്തിയ്ക്കേണ്ടതാണെന്നും ആവർത്തന സ്വഭാവമുള്ള പ്രവർത്തികൾ ഏറ്റെടുക്കുകയാണെങ്കിൽ അതു പരിശോധിക്കപ്പെടേണ്ടതാണെന്നും അതുമൂലം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിലുള്ള സാമൂഹിക മാറ്റങ്ങൾ കൈവരിയ്ക്കുവാൻ സാധിക്കുന്നില്ലായെന്നും ജനറൽബോഡി അംഗം ശ്രീമതി. രാധാമണി അഭിപ്രായപ്പെട്ടു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മലയോര മേഖലയിൽ നെറ്റ് കണക്റ്റിവിറ്റി കിട്ടാത്തതുകൊണ്ട് ജിയോ ടാഗ് ചെയ്യുന്നതിനും ഹാജർ രേഖപ്പെടുത്തുന്നതിനും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. താഴെത്തട്ടിൽ മോണിറ്ററിംഗ് ശക്തിപ്പെടുത്തണമെന്ന് ജനറൽബോഡി അംഗം ശ്രീ. ചന്ദ്രൻ നിർദ്ദേശിച്ചു.

ജനപ്രതിനിധികൾക്കും ഗ്രാമപഞ്ചായത്ത്തല നിർവ്വഹണ ഉദ്യോഗസ്ഥർക്കു വേണ്ടത്ര അറിവും പരിശീലനവും നൽകേണ്ടതാണെന്ന് ജനറൽബോഡി അംഗം ശ്രീ. എ.എസ്. ദിനകരൻ അഭിപ്രായപ്പെട്ടു.

4/10/24
Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുമ്പോൾ നിർവ്വഹണ ചെലവിലുണ്ടാകുന്ന ഇരട്ടിപ്പ് കണ്ടെത്തി ഒഴിവാക്കുന്നതിൽ ശ്രദ്ധ നൽകേണ്ടതാണെന്ന് ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി നിർദ്ദേശിച്ചു. വികസനപദ്ധതികൾ സോഷ്യൽ ഓഡിറ്റ് നടത്തുമ്പോൾ അവ ജനോപകാരപ്രദമാണെന്ന് പരിശോധിയ്ക്കപ്പെടേണ്ടതാണെന്നു സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് പ്രതിനിധി അഭിപ്രായപ്പെട്ടു.

## അജണ്ടനമ്പർ-1

**2024 ജനുവരി 04-ാം തീയതി ചേർന്ന ജനറൽ ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പിന് അംഗീകാരം**

2024 ജനുവരി മാസം 04-ാം തീയതി കൂടിയ ജനറൽബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ് യോഗം അംഗീകരിച്ചു.

## അജണ്ടനമ്പർ-2

**ജനറൽ ബോഡി യോഗ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികളും പ്രവർത്തന പുരോഗതിയും**

04.01.2024-ൽ ചേർന്ന സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ജനറൽ ബോഡി യോഗ തീരുമാനപ്രകാരം സ്വീകരിച്ച തുടർനടപടികളും പ്രവർത്തന പുരോഗതി റിപ്പോർട്ടും യോഗം ചർച്ച ചെയ്തു അംഗീകരിച്ചു.

## അജണ്ടനമ്പർ-3

**2023-24 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് അവതരണം, അംഗീകാരം**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2023-24 വാർഷിക ഭരണ റിപ്പോർട്ട് അംഗങ്ങൾ വിലയിരുത്തുകയും പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തി റിപ്പോർട്ട് അംഗീകരിച്ചു.

## അജണ്ടനമ്പർ-4

**2023-2024 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് അവതരണം, അംഗീകാരം**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2023-24-വർഷത്തെ ആഡിറ്റ് റിപ്പോർട്ടും വരവ് ചെലവു കണക്കുളും ബാലൻസ് ഷീറ്റും യോഗം അംഗീകരിച്ചു.

4/10/24
Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
...dit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM-33

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat

## അജണ്ടനമ്പർ-5

**2024-25 വർഷത്തെ വാർഷിക ബഡ്ജറ്റ് അംഗീകാരം**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2024-25 സാമ്പത്തിക വർഷം പ്രതിക്ഷിത കേന്ദ്ര വിഹിതം 27കോടി രൂപ വരവ് ഇനത്തിലും 27 കോടി രൂപ ചെലവിനത്തിലും വകയിരുത്തി കൊണ്ടുള്ള വാർഷിക ബഡ്ജറ്റ് ഇനം തിരിച്ച് യോഗം ചർച്ച ചെയ്തു. തൻവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനും അതോടൊപ്പം തന്നെ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാമൂഹ്യ സഹായ പദ്ധതി (എൻ.എസ്.എ.പി), സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ വികസന പദ്ധതികൾ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും വിഭാവനം ചെയ്യുന്നു. 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റിന് യോഗം അംഗീകാരം നൽകി.

## അജണ്ടനമ്പർ-6

**2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി റിപ്പോർട്ട് അവതരണം, അംഗീകാരം**

2024-25 ഒന്നാം പാദത്തിൽ 941 ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള കലണ്ടർ തയ്യാറാക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തയ്യാറാക്കി നൽകിയ സോഷ്യൽ ഓഡിറ്റ് കലണ്ടർ ജനറൽ ബോഡി യോഗം അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നടത്തി വരുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ യോഗം വിലയിരുത്തുകയും പുരോഗതിയിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

തുടർന്ന് ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്ത ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങൾക്ക് ശ്രീ. പി.ഷാജി, സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ് കൃതജ്ഞത രേഖപ്പെടുത്തി.

യോഗം കൃത്യം ഒരുമണിക്ക് അവസാനിച്ചു.

4/10/24

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala) C.W.C. BUILDING L.M.S., PALAYAM TRIVANDRUM-33

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
കെ.എസ്.എസ്.എ

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA

**പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി- കെ.എസ്.എസ്.എ,
സ്പോർട്ട്സ് &-യുവജനകാര്യം സെക്രട്ടറി.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department